# പ്രതിസന്ധികളുടെ ഘട്ടം പരിശീലന കാലമായി കാണണം: പരിശുദ്ധ കാതോലിക്കാബാവാ

## ■ സഭ ഏഴ് എപ്പിസ്കോപ്പമാരെ തെരഞ്ഞെടുക്കുന്നു



കോട്ടയം: ആർഭാടങ്ങളും അനാവശ്യ ചെലവുകളും ഒഴിവാക്കി സാമ്പത്തികമാന്ദ്യം ഉയർത്തുന്ന പ്രശ്നങ്ങൾ നേരിടണമെന്നും പ്രതിസന്ധികളുടെ ഘട്ടം പരിശീലന കാലമായി പരിഗണിച്ച് പ്രാർത്ഥനയോടും പ്രത്യാശയോടും കൂടി പ്രവർത്തിക്കണമെന്നും പരിശുദ്ധ ബസേലിയോസ് ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ ആഹ്വാനംചെയ്തു.

കോട്ടയം പഴയ സെമിനാരി സ്മൃതി ഓഡിറ്റോറിയത്തിൽ ചേർന്ന മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ മാനേജിംഗ് കമ്മിറ്റിയോഗത്തിൽ അദ്ധ്യക്ഷത വഹിച്ച് പ്രസംഗിക്കുകയായിരുന്നു പരി.ബാവ. കുടുംബങ്ങളിലുണ്ടാകുന്ന അപകടകരമായ ശിഥിലീകരണ പ്രവണതകൾ പരിഗണിച്ച് ഒക്ടോബർ മാസം കുടുംബഭദ്രതാ മാസമായി ആചരിക്കും. ഉദ്ഘാടനം ഒക്ടോബർ നാലിന് കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ നടത്തും.

ഏഴ് എപ്പിസ്കോപ്പമാരെ കൂടി തെരഞ്ഞെടുക്കുന്നതിനായി 2010 ഫെബ്രുവരി 17-ാം തീയതി മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ കൂടുന്നതാണെന്ന് പരി. ബാവാ പ്രഖ്യാപിച്ചു. പഴയ സെമിനാരി വളപ്പിൽ സുന്നഹദോസ് സമ്മേളനത്തിനും റിട്ടയർ ചെയ്യുന്ന മെത്രാപ്പോലീത്താമാർക്ക് വിശ്രമിക്കുന്നതിനുമായി ശതാബ്ദി സ്മാരക കെട്ടിട സമുച്ചയം പണിയും.

സെക്രട്ടറി ഡോ. ജോർജ് ജോസഫ് മിനിട്ട്സ് അവതരിപ്പിച്ചു. ശ്രേഷ്ഠ നിയുക്ത കാതോലിക്ക പൗലോസ് മാർ മിലിത്തിയോസ്, ഡോ. സഖറിയാ മാർ തെയോഫിലോസ്, ഡോ. യൂഹാനോൻ മാർ ദീയസ്കോറസ്, ഗീവർഗീസ് മാർ കൂറിലോസ്, സഖറിയാ മാർ അന്തോണിയോസ്, ഡോ. യാക്കോബ് മാർ ഐറേനിയസ്, യൂഹാനോൻ മാർ പോളിക്കാർപ്പോസ്, ഫാ. ഡോ. ജോൺ എബ്രഹാം കോനാട്ട്, പ്രൊഫ. ഇ.ജെ. ജോൺ, മാത്യു ചെറിയാൻ തുടങ്ങിയവർ പ്രസംഗിച്ചു. 21 മെത്രാപ്പോലീത്താമാരും 124 മാനേജിംഗ് കമ്മിറ്റിയംഗങ്ങളും സംബന്ധിച്ചു.